SA2 Examination 2012-13

Subject: Malayalam

**Grade: 9** **Date: 14.03.13**

**Marks: 90** **Time: 3 hrs**

### എ വിഭാഗം

(A) താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടേയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക ( 2× 5 =10)

I.

മലയാളഭാഷയുടെ ഇന്നോളമുള്ള വളർച്ചയുടെ ഗതിവച്ചു ചെറുശേരിയുടെ ഭാഷയെ വിലയിരുത്തുമ്പോൾ മലയാളത്തനിമ മുററിനിൽക്കുന്ന ഏററവും പഴക്കം ചെന്നകൃതി കൃഷ്ണഗാഥയാണെന്നു കാണാം. ആ നിലക്കു നോക്കുമ്പോൾ മലയാള ഭാഷയുടെ പിതാവ് എന്ന സ്ഥാനം എഴുത്തച്ഛനും ഒരു നൂററാണ്ടുമുൻപ് ജീവിച്ചിരുന്ന ചെറുശേരിക്കല്ലെ നൽകേണ്ടിയിരുന്നത്?

എന്നാൽ എഴുത്തച്ഛൻെറയും നമ്പ്യാരുടെയും തുടർന്നിങ്ങോട്ടു വരുന്ന വള്ള ത്തോൾ തുടങ്ങിയവരുടെയും ഭാഷാരീതി നോക്കുമ്പോൾ മലയാളിക്ക് ഇഷ്ടഭാഷ സംസ്കൃതപ്പൊലിമയുള്ള മണിപ്രവാളം തന്നെയാണെന്നുകാണാം. ഇതാവണം എഴുത്തച്ഛനെ മലയാള ഭാഷയുടെ പിതാവെന്നംഗീകരിക്കാൻ കാരണം.

കേരളത്തിലെ ജനങ്ങളുടെ ഭാഷ അന്ന് മൂന്നൊ അതിലധികമോ തട്ടുകളിലാണ് നിന്നിരുന്നത്. മലനാട്ടുതമിഴും സംസ്കൃതവും ഇഴുക്കമില്ലാതെ കൂട്ടിചേർത്ത മണിപ്രവാളം, പാട്ടുസാഹിത്യം, നാടോടിത്തമിഴ്, കീഴ്ജാതിക്കാരുടെ ഇടക്കുനിലനിന്നിരുന്ന നിരവധി ഭാഷാ ഭേദങ്ങൾ...... കോലെഴുത്ത്, വട്ടെഴുത്ത് എന്ന് എഴുത്തും രണ്ടുവിധമായിരുന്നു.

അക്ഷരമാലയും എഴുത്തും പരിഷ്ക്കരിക്കുകയാണ് എഴുത്തച്ഛൻ ആദ്യം ചെയ്തത്. സംസ്കൃതത്തിലെയും വട്ടെഴുത്തിലെയും അക്ഷരങ്ങൾ ചേർത്ത് 51 അക്ഷരങ്ങളുള്ള ഒരക്ഷരമാല നടപ്പാക്കി. നാട്ടാശാൻമാരുടെ മേൽനോട്ടത്തിൽ എഴുത്തുപള്ളി സമ്പ്രദായം തുടങ്ങി. നിലത്തെഴുത്തിൻെറ രീതി തുടങ്ങിയതും എഴുത്തച്ഛനാണ്.

ഗായത്രി മന്ത്രത്തിലെ ഓരോ അക്ഷരം ആദ്യം ചേർത്ത് വാല്മീകി രാമായണം രചിച്ചതുപോലെ ഹരി എന്നു തുടങ്ങി ക്ഷ യിൽ അവസാനിക്കുന്ന 51 അക്ഷരങ്ങൾ ചേർത്ത് ഹരിനാമകീർത്തനം എന്നൊരു കൃതി എഴുത്തച്ഛൻ രചിച്ചു.

1. ചെറുശേരിയെ മലയാള ഭാഷയുടെ പിതാവെന്നു വിശേഷിപ്പിക്കാം എന്നുപറയാൻ കാരണമെന്ത്? (2)
2. ഹരിനാമകീർത്തനത്തിൻെറ പ്രത്യേകത എന്ത്? (2)
3. മലയാള ഭാഷയുടെ പരിഷ്ക്കരണത്തിനായി എഴുത്തച്ഛൻ കൈക്കൊണ്ട മാർഗങ്ങളേവ? (2)
4. മലയാള ഭാഷയുടെ പിതാവെന്ന് എഴുത്തച്ഛനെ വിശേഷിപ്പിക്കാൻ കാരണമെന്ത്? (2)
5. ഈ ഖണ്ഡികക്ക് ഉചിതമായ ഒരു ശീർഷകം നൽകുക (2)

## ബി വിഭാഗം

6 സ്ക്കൂൾ വായനശാല പരിഷ്ക്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിദ്യാഭ്യാസ മന്ത്രിക്ക് ഒരു കത്തുതയാറാക്കുക (7)

7. ആശയം വിപുലീകരിച്ച് ഒരു ഖണ്ഡിക എഴുതുക: (7)

    അന്യജീവനുതകി സ്വജീവിതം
    ധന്യമാക്കുമമലേ വിവേകികൾ

8. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക: (7)
    1. മദ്യപാനം ഒരു വിപത്ത്
    2. മത സൗഹാർദ്ദം
    3. വിദ്യാഭ്യാസ രംഗം നേരിടുന്ന പ്രശ്നങ്ങൾ

## സി വിഭാഗം

9. അന്വാഖ്യാന സംഭാഷണമാക്കി മാററുക: (2)

ഉമ്മ: നിങ്ങളെനിക്ക് ഒരു നാടൻ കോഴിയെ കൊണ്ടെത്തരുമോ?

കരിം: (ആലോചിച്ച്) നോക്കട്ടെ ഉമ്മാ ഇവിടെയൊക്കെ മെഷീൻ കോഴിയേ കിട്ടൂ. നിങ്ങൾക്ക് നിങ്ങളുടെ മോനോടു പറയാൻ വയ്യേ? തൃശൂരൊക്കെ നല്ല നാടൻ കോഴിയെ കിട്ടും

ഉമ്മ: ആ എങ്കിപ്പിന്നെ ഓനോടു പറയാം

10. വാക്യത്തിലെ തെററുതിരുത്തുക: (2)

1. വിചിത്ര രൂപിയായ അച്ഛരൻെറ മുമ്പിൽ കാഴ്ചക്കാരും പ്രേക്ഷകരും കൂടിയിരിക്കുന്നു.
2. മത നേതാക്കൻമാർ സമുദായത്തിൻെറ ഉന്നമനത്തിനോ ഉയർച്ചക്കും വേണ്ടി പ്രയത്നിക്കണം

.

11. പ്രയോഗം മാററുക (2)

1. മുതലാളിയുടെ ക്രൗര്യം സ്ഫുരിക്കുന്ന കണ്ണുകൾ അയാളെ നോക്കുന്നു.
2. ഉമ്മ നബീസ കാണാതെ ഇസ്രിപ്പെട്ടി ഒളിച്ചു വച്ചു

12 സന്ധി നിർണ്ണയിക്കുക (2)

1. ഉന്മാദാവസ്ഥ
2. വെന്തടങ്ങി

13 സമാസം നിർണ്ണയിക്കുക (2)

1. നിരാഡംബരം
2. മഹാകവി

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 1 X 5

14 ആഗമ സന്ധിക്ക് ഉദാഹരണമേത്

(a) ബാക്കിയെന്ന്

(b) പൂരപ്പറമ്പ്

(c) അന്തിമാന്നം

(d) കടിച്ചമർത്തി

15 ആഹവം എന്നവാക്കിൻെറ അർഥമെന്ത്?

(a). വീട്

(b) യുദ്ധം

(c). ഭൂമി

(d) ഭ്രാന്ത്

16 ഉത്തമം എന്ന വാക്കിൻെറ വിപരീതപദമെന്ത്?

(a). അത്യുത്തമം

(b). അധമം

(c). വിരക്തി

(d) നിസ്ത്തമം

17. വദനം എന്ന വാക്കിൻെറ സമാന പദമല്ലാത്ത വാക്കേത്?

(a). മുഖം

(b). ആനനം

(c). ആസ്യം

(d) വാട്ടം

18. ദ്വാരക വാസികൾ എന്ന പദം വിഗ്രഹിക്കുക

(a). ദ്വാരകയിലെ വാസികൾ

(b). ദ്വാരകയുടെ വാസികൾ

(c). ദരിദ്രരായ വാസികൾ

(d) ദ്വാരകയാകുന്ന വാസികൾ

## ഡി വിഭാഗം

19. ഉത്തരമെഴുതുക 3 X 8

(a) ഉത്പന്നങ്ങളുടെയും വിപണനത്തിൻെറയും പരസ്യങ്ങളുടെയും മധ്യത്തിൽനിസ്സഹായനായ മനുഷ്യൻെറ ആത്മ നൊമ്പരങ്ങളാണ് മടുത്തകളിയിൽ ഉള്ളത്– വിശദീകരിക്കുക

(b) ഉമ്മയുടെ ഇച്ഛാശക്തിക്കു മുന്നിൽ കച്ചവടക്കാരൻെറ മൾട്ടി നാഷണൽ കമ്പനി ഒന്നുമല്ലാതായി– സന്ദർഭം വിശദമാക്കുക

(c) 'ആദർശത്തിൻെറയും ലാളിത്യത്തിൻെറയും ഊന്നുവടികൊണ്ട് സാധാരണ ക്കാരൻെറ ഉയരം കൂട്ടണം' എന്നതുകൊണ്ട് ലേഖകൻ അർഥമാക്കുന്നത് എന്ത്?

(d) ഉമ്മയുടെ അഭിപ്രായത്തിൽ മെഷീൻ കോഴിയും നാടൻ കോഴിയും തമ്മിലുള്ള വ്യത്യാസങ്ങളേവ?

(e) മദ്യപിച്ച യാദവൻമാരുടെ സ്വഭാവത്തിൽ വന്നമാററം കവി എങ്ങനെ സൂക്ഷ്മമായി വർണ്ണിച്ചിരിക്കുന്നു?

(f) ഒട്ടിയ വയറ്, സദ്യ, മോരുമുപ്പിലിട്ടതും എന്നീ പ്രയോഗങ്ങൾ അന്നം എന്ന കവിതയുടെ ഭാവതീവ്രത വർദ്ധിപ്പിക്കുന്നതെങ്ങനെ?

(g) 'ആരുപെററതാണാവോ പാവമീചെറുക്കനെ'– എന്നു വൈലോപ്പിള്ളി സങ്കടപ്പെടാൻ കാരണമെന്ത്?

(h ആരണശാപത്താൽ മാരണമായിത
ദ്വാരകാ വാസികൾക്കേരകപ്പുൽ –സന്ദർഭം ആശയം ഇവ വ്യക്തമാക്കുക

20. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക **½ x 8**

a) മലയാളത്തിലെ ആദ്യമഹാകാവ്യമെന്ന് വിശേഷിപ്പിക്കപ്പെട്ട കൃതി ഏത്?
(കൃഷ്ണഗാഥ, രാമായണം, മഹാഭാരതം )

b) അന്നം എന്ന കവിത രചിച്ചതാര്?
(വൈലോപ്പിള്ളി, ചുള്ളിക്കാട്, കക്കാട്, ആശാൻ)

c) വൈലോപ്പിള്ളിയുടെ ഒററപ്പെട്ട സ്വകാര്യ ജീവിതത്തെ കവി പുരാണ കഥയിലെ ആരോടാണ് ഉപമിച്ചിരിക്കുന്നത്?
( കലി, ബാഹുകൻ, കാർക്കോടകൻ, പുഷ്കരൻ)

d) ആർഭാടത്തിനും ധാരാളിത്തത്തിനും എതിരെ ആദ്യമായി ശബ്ദമുയർത്തിയ സാമൂഹ്യ പരിഷ്ക്കർത്താവ് ആര്?
( ഗാന്ധിജി, ശ്രീ നാരായണഗുരു, നെഹ്റു, ടാഗോർ)

e) "ങും കിട്ടും കിട്ടും ഇങ്ങനെ വേഷം കെട്ടി നില്ക്കാൻ ഏതു ദരിദ്രവാസിയാണ് ലോകത്തിലുള്ളത്?" ഏതു വേഷം
(സ്ത്രീ വേഷം, കോമാളി വേഷം, കഥകളി വേഷം, ഭ്രാന്തൻ വേഷം)

f) യദുവംശത്തിലെ അതിപ്രാധാനിയായ രാജാവ്?
( ദുര്യോധനൻ, രാമൻ, ശ്രീകൃഷ്ണൻ, അർജുനൻ)

21. ഏതെങ്കിലും **രണ്ടു** വിഷയങ്ങളെക്കുറിച്ച് ലഘു ഉപന്യാസം രചിക്കുക 6 X 2

1. മതമഹാ സമ്മേളനത്തിൽ വിവേകാനന്ദൻ വഹിച്ച പങ്കെന്ത്?

2. വിവേകാനന്ദൻെറ അന്ത്യനിമിഷങ്ങൾ എങ്ങനെയായിരുന്നു?

3. പ്രതികൂല സാഹചര്യത്തിലും വിവേകാനന്ദൻ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തുക

4. രാമകൃഷ്ണമിഷൻ അസോസിയേഷൻെറ ലക്ഷ്യങ്ങളെയും പ്രവർത്തനങ്ങളെ യും കുറിച്ച് ഒരു ലേഖനം തയ്യാറാക്കുക